**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് – പെരുമണ്ണ ഗ്രാമപഞ്ചായത്ത് – ഗവൺമെന്റ് ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനായി പെരുമണ്ണ വില്ലേജിലെ റീസർവ്വേ 51/1–ൽപ്പെട്ട 3 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നത് – അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) 2956/2008/ത.സ്വ.ഭ.വ        തീയതി, തിരുവനന്തപുരം, ജൂലൈ 30, 2008.

പരാമർശം : 1) പെരുമണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03-03-2008–ലെ 2/08 (4)–ാം നമ്പർ തീരുമാനം.

2) പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29-03-2008–ലെ എ 2-115/08 നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 19-07-2008–ലെ സി.2-21874/08 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിയ്ക്കപ്പെട്ട ഗവൺമെന്റ് ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനായി പെരുമണ്ണ ഗ്രാമപഞ്ചായത്ത് 4–ാം വാർഡിൽ പെരുമണ്ണ വില്ലേജിൽ റീസർവ്വേ 51/1–ൽപ്പെട്ട 3 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. 29-11-2007–ലെ സ.ഉ.(എം.എസ്) നം.202/07/പൊതു വിദ്യാഭ്യാസം പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്തിന് പുതുതായി ഹൈസ്ക്കൂൾ അനുവദിയ്ക്കപ്പെട്ടിരുന്നുവെന്നും ഗ്രാമപഞ്ചായത്തിന്റെ 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് 31,00,000/- രൂപയുടെ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും ആയത് പ്രകാരം മേൽ റീസർവ്വേ നമ്പരിൽപ്പെട്ട 2.278 ഹെക്ടർ സ്ഥലം ഉഭയകക്ഷി സമ്മതപ്രകാരം വാങ്ങുന്നതിന് മുന്നോട്ട് പോയെങ്കിലും ടി ഭൂമിയ്ക്ക് മറ്റ് ചില വ്യക്തികൾ കൂടി അവകാശവാദം ഉന്നയിച്ച സാഹചര്യത്തിൽ ഉഭയകക്ഷി സമ്മതപ്രകാരം മേൽ വസ്തു വാങ്ങിയ്ക്കാൻ സാധിക്കാത്തതിനാലാണ് അക്വയർ ചെയ്യാൻ തീരുമാനിച്ചതെന്ന് പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം സ്ക്കൂൾ തുടങ്ങുന്നതിന് അനുയോജ്യമാണെന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും വിദ്യാഭ്യാസ ഉപഡയറക്ടറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിയ്ക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1)–ലെ തീരുമാനത്തിന്റേയും പരാമർശം (2)–ലെ അപേക്ഷയുടേയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3)–ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ പുതുതായി അനുവദിയ്ക്കപ്പെട്ട ഹൈസ്ക്കൂളിന്റെ പ്രവർത്തനത്തിനായി പെരുമണ്ണ ഗ്രാമപഞ്ചായത്ത് 4–ാം വാർഡിൽ പെരുമണ്ണ വില്ലേജ് റീസർവ്വേ 51/1–ൽപ്പെട്ട 3 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നും അക്വിസിഷൻ സംബന്ധമായി കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)

ചട്ടങ്ങൾ കർശനമായി പാലിച്ചിരിയ്ക്കണം എന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.ശ്യാമളകുമാരി**
**ഡെപ്യൂട്ടി സെക്രട്ടറി**

To

പ്രസിഡന്റ്/സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
ജില്ലാ കളക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**